03/01/2022

20/12/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 1578(1)/2021/SIC & AP 1579(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(File No.14289/SIC-Gen4/2021 & File No.14301/SIC-Gen4/2021)**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ഡിസംബർ 20

ശ്രീ. ബാബുജാൻ എസ്.,
ഫാമി മൻസിൽ,
കുന്നുംഭാഗം,
കാഞ്ഞിരപ്പള്ളി പി.ഒ.,
കോട്ടയം – 686 507.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സർക്കിൾ, പാലാ.
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സർക്കിൾ, പാലാ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.10.2021, 11.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 8.10.2021, 13.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.10.2021, 21.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.10.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 3.12.21, 4.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 17.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി (ഓഡിയോ) |

## ഉത്തരവ്

ശ്രീ. ബാബുജാൻ എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികളിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

വിവരാവകാശ അപേക്ഷകളും അപ്പീൽ [illegible] അപ്പീൽ അപേക്ഷകളും വിവരാവകാശ നിയമത്തിലെ 8(1)(എച്ച്) വകുപ്പ് ചൂണ്ടിക്കാട്ടി നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും എന്നാൽ [illegible] ആവശ്യപ്പെട്ട വിവരങ്ങളുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായിട്ടുള്ളതാണെന്നും ആയതിനാൽ അന്വേഷണത്തെ ബാധിക്കുമെന്ന എതിർകക്ഷികളുടെ വാദം നിലനിൽക്കുന്നതല്ലെന്നും മന:പൂർവ്വം വിവരങ്ങൾ മറച്ച് വച്ച എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 5.10.2021, 11.10.2021 എന്നീ തീയതികളിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷകളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീമതി. സുനിത സി., അസിസ്റ്റന്റ് എഞ്ചിനീയർ, ഹർജിക്കാരനെതിരെ നൽകിയ പരാതിയിന്മേലും, ഹർജിക്കാരൻ ശ്രീമതി. സുനിത. സി.യ്ക്കെതിരെ നൽകിയ പരാതിയിന്മേലും പാല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷകൾക്ക് 8.10.2021, 13.10.2021 എന്നീ തീയതികളിൽ ഇ.സി.പി/ജി.ബി1/ആർ.റ്റി.ഐ/2021-2022/563&583 എന്നീ നമ്പർ കത്തുകൾ പ്രകാരം മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി രണ്ടാം എതിർകക്ഷി മുമ്പാകെ 12.10.2021, 21.10.2021 എന്നീ തീയതികളിൽ അപ്പീലപേക്ഷകൾ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷകൾ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവുകളിൽ പ്രസ്താവിച്ചിട്ടുള്ളത്, അപ്പീൽ അപേക്ഷകളും മറുപടികളും വിശദമായി പരിശോധിക്കുകയുണ്ടായി എന്നും ആഭ്യന്തര അന്വേഷണത്തിലിരിക്കുന്ന ഒരു കേസുമായി ബന്ധപ്പെട്ട രേഖകൾ ഈ അവസരത്തിൽ നൽകുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാലും ആവശ്യപ്പെട്ട രേഖകൾ ചീഫ് എഞ്ചിനീയറുടെ (ഡിസ്ട്രിബ്യൂഷൻ സൗത്ത്) ഓഫീസിൽ നിന്നും അധികാരപ്പെടുത്തിയ അന്വേഷണത്തിന്റെ ഭാഗമായി ആ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ടതായതിനാലും നൽകാൻ സാധിക്കുന്നതല്ലെന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രസ്താവന വിവരാവകാശ നിയമം 2005 സെക്ഷൻ 8(1) (എച്ച്) വകുപ്പു പ്രകാരമുള്ളതും പ്രസക്തവുമാണെന്നും അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രസ്താവിച്ചത്, ശ്രീ. ബാബുജാൻ എസ്., കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഈരാറ്റുപേട്ട സബ് ഡിവിഷന്റെ മേലധികാരിയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനുമാണെന്നും അദ്ദേഹം സമർപ്പിച്ച അപേക്ഷകളിൽ ടിയാന്റെ കീഴ് ഉദ്യോഗസ്ഥയായ ശ്രീമതി. സുനിതാ സി., അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ടക്കെതിരെ പാലാ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, ബഹു:മുഖ്യമന്ത്രിയ്ക്കും അദ്ദേഹത്തിനെതിരെ നൽകിയ പരാതികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അന്വേഷണം നടത്തി പാലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് ആണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ 20.9.2021, 23.9.2021 എന്നീ തീയതികളിൽ ശ്രീമതി. സുനിത സി. ടിയാളുടെ മേലുദ്യോഗസ്ഥനായ

ശ്രീ. ബാബുജാൻ എസിനെതിരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും പാലാ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പരാതികൾ നൽകിയിരുന്നു എന്നും കൂടാതെ മുഖ്യമന്ത്രിയുടെ ഓഫീസിലും, വൈദ്യുതി മന്ത്രിയുടെ ഓഫീസിലും, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ മേൽ ഓഫീസുകളിലും ശ്രീമതി. സുനിത സി. തന്റെ മേലുദ്യോഗസ്ഥനായ ശ്രീ. ബാബുജാൻ എസ് നെതിരെ നൽകിയ പരാതികളും നിലവിലുണ്ടെന്നും ഈ പരാതികളെല്ലാം പരസ്പരം ബന്ധപ്പെട്ടതും ആഭ്യന്തര അന്വേഷണവും തുടർ നടപടികളും നടന്നു വരുന്നതാണെന്നും ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പാലായെ പ്രസ്തുത അന്വേഷണത്തിനായി 30.9.2021-ന് ചുമതലപ്പെടുത്തിയിരുന്നുവെന്നും അതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ട് ഇതിന്റെ ഭാഗമായി വന്നിരിക്കുകയാണെന്നും ശ്രീ. ബാബുജാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനാകയാൽ അദ്ദേഹത്തിനെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ തുടരുകയോ തീരുമാനം എടുക്കുകയോ ചെയ്യുന്നത് എതിർകക്ഷി ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ലെന്നും അതിനാൽ അന്വേഷണ റിപ്പോർട്ട് പ്രസ്തുത അധികാരമുള്ള മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് ചീഫ് എഞ്ചിനീയർക്ക് (ഡിസ്ട്രിബ്യൂഷൻ സൗത്ത്) നൽകുകയുമായിരുന്നു എന്നും അങ്ങനെയുള്ള റിപ്പോർട്ടിന്റെ പകർപ്പാണ് വിവരാവകാശ നിയമം 2005 8(1)(എച്ച്) വകുപ്പു പ്രകാരം താത്ക്കാലികമായി നിരസിച്ചിട്ടുള്ളതെന്നും ആയതിനാൽ ഈ അവസരത്തിൽ ഇതിലെ ഒരു കക്ഷിയായ ശ്രീ. ബാബുജാൻ എസ് -ന് അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് നിഷ്പക്ഷമായ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വിവരാവകാശ നിയമം 8(1)(എച്ച്) വകുപ്പിന്റെ പരിരക്ഷയിൽ അത് താത്ക്കാലികമായി നിരസിച്ച എസ്.പി.ഐ.ഒയുടെ തീരുമാനം ശരിയായിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഉദ്യോഗസ്ഥനായ ഹർജിക്കാരനെതിരെ ശ്രീമതി. സുനിത സി., അസിസ്റ്റന്റ് എഞ്ചിനീയർ ബഹു.മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധ രേഖകളും, ഹർജിക്കാരൻ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. സുനിത സി.യ്ക്കെതിരെ 23.9.2021-ന് നൽകിയ പരാതിയിന്മേൽ പാലാ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളുമാണ് ഹർജിക്കാരൻ 11.10.2021, 5.10.2021 എന്നീ തീയതികളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷകളിൽ ആവശ്യപ്പെട്ടിരുന്നത് എന്ന് കാണുന്നു. ശ്രീ. ബാബുജാൻ ആവശ്യപ്പെട്ട റിപ്പോർട്ടുകളും അനുബന്ധ രേഖകളും വെളിപ്പെടുത്തുന്നത് നിഷ്പക്ഷമായ അന്വേഷണത്തെ ബാധിക്കുമെന്നതിനാലാണ് വിവരാവകാശ നിയമം-2005 8(1)(എച്ച്) വകുപ്പിന്റെ പരിരക്ഷയിൽ ടി രേഖകൾ താത്ക്കാലികമായി നൽകാതിരുന്നതെന്നും, ഇപ്പോൾ നടന്നുവരുന്ന ആഭ്യന്തര അന്വേഷണവും തുടർ നടപടികളും പൂർത്തിയാക്കുന്ന മുറയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ അപേക്ഷകന് നൽകുന്നതാണെന്നുമുള്ള എതിർകക്ഷിയുടെ മറുപടിയിൽ അപാകതയില്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ എതിർകക്ഷികളുടെ ടി മറുപടികളിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ്

[illegible] സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്) ന് അയച്ചു കൊടുക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിലുള്ള അന്വേഷണവും തുടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ ഹർജിക്കാരന് ഒന്നാം എതിർകക്ഷി ലഭ്യമാക്കി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം എ.പി.1578(1)/2021/എസ്.ഐ.സി, എ..പി. 1579(1)/2021/എസ്.ഐ.സി. എന്നീ അപ്പീൽ ഹർജികളിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ 20–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk